**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 618** **05-10-2021 - ൽ മറുപടിയ്ക്ക്**

**തച്ചമ്പാറ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് നിയോജക മണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിൽ പാലക്കുന്ന് പ്രദേശത്ത് പ്രസരണ ലൈൻ തോട്ടുകളുടെയും പുഴകളുടെയും മുളംകാട്ടുകളുടെയും മുകളിലൂടെ പോകുന്നത് മൂലം വൈദ്യുതി തകരാർ പരിഹരിക്കാനോ യഥാസമയം അറ്റകുറ്റപണി നടത്തുന്നതിനോ കഴിയാത്തത് മൂലം രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വൈദ്യുതി തകരാറുകൾ കഴിയുന്നത്ര യഥാസമയം പരിഹരിച്ചുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പാലക്കയം ജംഗ്ഷൻ അച്ചിലട്ടി റോഡ് വഴി ത്രീഫേസ് ലൈൻ വലിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ബി) | പാലക്കയം കപ്പക്കുന്ന് അച്ചിലട്ടി റോഡിലൂടെ 1 കിലോമീറ്റർ 3 ഫേസ് ലൈൻ വലിക്കുന്നതിന് ₹6,69,851/- (ആറുലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തി ഒന്ന്) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പത്തിൽ താഴെ ഉപഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. എം എൽ എ ഫണ്ടിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉപഭോക്താക്കളോ ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ